**പതിനഞ്ചാം  കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

**(2022 ജൂലൈ മാസം 20-ാം  തീയതി സഭയിൽ സമർപ്പിച്ചത്)**

**[സമിതി (2004-2006) യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

**(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[സമിതി (2004-2006) യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

264/2023.

# ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | .. | 23 |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)-യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ പതിനാലാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

## റിപ്പോർട്ട്

### അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ പതിനാലാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ പതിനാലാമത് റിപ്പോർട്ട് 2006 ഫെബ്രുവരി മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 17 ശിപാർശകളാണുണ്ടായിരുന്നത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നു ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാ റിപ്പോർട്ട് എന്നിവ 4-6-2008, 25-2-2015, 14-12-2016, 18-9-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 സർക്കാർ മറുപടി തൃപ്തികരമല്ലാത്ത ശിപാർശകളിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ 30-5-2018-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ 2018 ഒക്ടോബർ മാസത്തിനകം ശേഷിക്കുന്ന അധിക വിവരങ്ങൾ സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നതാണെന്ന് ഭരണ വകുപ്പ് ഉറപ്പുനൽകുകയും നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നിട്ടും നാളിതുവരെ പ്രസ്തുത നടപടി വിശദീകരണ പത്രികകൾ ലഭ്യമാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുന്നു. അതോടൊപ്പം ഭരണ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിരിക്കുന്ന നിരുത്തരവാദപരമായ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ ഭരണ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ടിലെ തുടർ ശിപാർശകളിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് സമയബന്ധിതമായി മറുപടി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച സൂക്ഷ്മപരിശോധനാ റിപ്പോർട്ട്, സമിതി ആരാഞ്ഞ അധിക വിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച

മറുപടി/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മപരിശോധനാ റിപ്പോർട്ട്, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പുകളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർശിപാർശകളും

### ഖണ്ഡിക നമ്പർ 34

### ശിപാർശ

2.1.1 കൃത്യമായ പ്ലാനിംഗോ മോണിറ്ററിംഗോ ഇല്ലാതെ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ മറവിൽ ഇപ്രകാരം പൊതുമുതൽ വൻതോതിൽ ദുരുപയോഗം ചെയ്യുന്നുണ്ടെന്നും അതിനാൽ മുൻകൂർ അനുവദിക്കുമ്പോൾ ചെലവുകളുടെ കൃത്യതയും വിനിയോഗവും ഉറപ്പുവരുത്തുന്നതിനും ഇത് ലംഘിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരഞ്ഞെടുത്ത ശ്രീ. കെ. കെ. അച്യുതനിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ പണം തിരിച്ചു പിടിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 നടുകുന്ന് ശുദ്ധജലവിതരണ പദ്ധതി സംബന്ധിച്ച് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് കൺവീനർ ശ്രീ. കെ. കെ. അച്യുതന്റെ പേരിൽ റവന്യൂ റിക്കവറിക്ക് അയച്ചെങ്കിലും ടിയാന്റെ പേരിൽ സ്ഥാവര ജംഗമ സ്വത്തുകൾ ഒന്നുമില്ലെന്ന് കാണിച്ച് ജില്ലാ കളക്ടർ കത്തയച്ചിരിക്കുന്നു. തുടർ നടപടിയായി ഗുണഭോക്തൃ കമ്മിറ്റിയിലെ മറ്റ് 6 അംഗങ്ങൾക്ക് രജിസ്റ്റേർഡ് നോട്ടീസ് അയച്ചതിൽ 3 പേർ കത്ത് കൈപ്പറ്റിയിട്ടും ഇതുവരെയായി യാതൊരു മറുപടിയും ലഭ്യമാക്കാതെയും മറ്റ് രണ്ട് പേർ കത്ത് കൈപ്പറ്റാതെയും ഒരാൾ മരിച്ചുപോവുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളിൽ മരിച്ചുപോയ ആൾ ഒഴികെ മറ്റ് 5 പേർക്ക് റവന്യൂ റിക്കവറി പ്രൊപ്പോസൽ അയച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.1.3 പ്രവൃത്തിയുടെ കൺവീനറായ ശ്രീ. കെ. കെ. അച്യുതനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചെങ്കിലും ടിയാന്റെ പേരിൽ സ്ഥാവരജംഗമ സ്വത്തുക്കൾ ഇല്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടിയിൽ നിന്നും കളക്ടർ ഒഴിവാക്കി (സി4-2008/14051/2011 തീയതി 29-7-2008). ഗുണഭോക്തൃ കമ്മിറ്റി മെമ്പർമാരുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

**25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം**

2.1.4 (i) പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിന് ജോയിന്റ് കൺവീനർ ഇല്ലാതിരിക്കെ ചെക്ക് കൈപ്പറ്റിയത് ആരെന്ന് വ്യക്തമാക്കുക.

(ii) ശ്രീ. കെ. കെ. അച്യുതൻ ടി പ്രോജക്ടിനെ സംബന്ധിച്ച ഏത് സ്ഥാനമാണ് (കൺവീനറാണോ നിർവ്വഹണ ഉദ്യോഗസ്ഥനാണോ) വഹിച്ചിരുന്നതെന്ന് അറിയിക്കുക.

(iii) ഗുണഭോക്തൃ സമിതി അംഗങ്ങളുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടി റദ്ദ് ചെയ്ത് അറിയിക്കുക.

**സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി**

2.1.5 (i) കൺവീനർ ആണ് തുക കൈപ്പറ്റിയത്.

(ii) ശ്രീ. കെ. കെ. അച്യുതൻ ഗുണഭോക്തൃ കമ്മിറ്റി യോഗം തെരഞ്ഞെടുത്ത കൺവീനറാണ്.

(iii) റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്ത് അറിയിക്കാനുള്ള സമിതി നിർദ്ദേശത്തെ തുടർന്ന് സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ കളക്ടറിൽ നിന്നും തുടർനടപടികൾ ലഭിക്കാത്തതിനാൽ 6-7-2015, 6-10-2016 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പുകൾ നൽകിയിരുന്നു. എന്നാൽ പുതുതായി നിലവിൽ വന്ന താമരശ്ശേരി താലൂക്ക് ഓഫീസിലേക്ക് ബന്ധപ്പെട്ട ഫയലുകൾ കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ 5 ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങളിൽ 2 പേരുടെ ഫയലുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് എന്നറിയിച്ചു. തുടർന്ന് താമരശ്ശേരി തഹസിൽദാർ നിർദ്ദേശിച്ച പ്രകാരം റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്യുന്നതിനായി ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങളുടെ ആർ.ആർ. റിക്വിസിഷൻ സംബന്ധിച്ച വിശദാംശങ്ങൾ ടി ഓഫീസിൽ നിന്നും 22-5-2018-ലെ കത്ത് പ്രകാരം താമരശ്ശേരി താലൂക്ക് ഓഫീസിൽ വീണ്ടും സമർപ്പിച്ചിട്ടുണ്ട്.

**അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.1.6 (i)കൺവീനറായ ശ്രീ. കെ. കെ. അച്യുതൻ ₹ 50,000 (അൻപതിനായിരം രൂപ മാത്രം) 225139-ാം നമ്പർ ചെക്ക് കൈപ്പറ്റിയതിന്റെ രസീത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

(ii) ശ്രീ. കെ. കെ. അച്യുതൻ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ആണ്.

(iii) 5 ഗുണഭോക്തൃ കമ്മിറ്റി അംഗങ്ങളിൽ ഫയൽ ലഭ്യമായ 2 പേരുടെ RRC തിരികെ സമർപ്പിക്കുന്നതിനായി ₹ 320 (മുന്നൂറ്റി ഇരുപത് രൂപ മാത്രം) ഡിമാന്റ് നോട്ടീസ് ഫീസ് ഇനത്തിൽ അടവാക്കാൻ തഹസീൽദാർ നിർദ്ദേശിച്ചത് പ്രകാരം 9-10-2018-ന് പുതുപ്പാടി വില്ലേജ് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കി റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുമെന്ന് താമരശ്ശേരി താലൂക്ക് ഓഫീസിൽ നിന്നും അറിയിച്ചതായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർ വിവരങ്ങൾ ലഭ്യമാക്കിയില്ല.

18-9-2019-ലെ സമിതി യോഗത്തിൽ മുകളിൽ സൂചിപ്പിച്ച അധിക വിവരത്തിന്മേൽ ലഭിച്ച നടപടി വിശദീകരണ പത്രിക സമിതി പരിഗണിക്കുകയുണ്ടായി.

<u>തുടർ ശിപാർശ</u>

**2.1.7 ഗുണഭോക്തൃ സമിതി അംഗങ്ങളുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 66**

<u>ശിപാർശ</u>

2.2.1 വിശദമായ റിപ്പോർട്ട് (രസീതുകളുൾപ്പെടെ) ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകാൻ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ഗവൺമെന്റ് സാധൂകരണം വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ഗ്രാമവികസന കമ്മീഷണർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.2.2 ഹിന്ദുസ്ഥാൻ പെട്രോളിയത്തിൽ നിന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും വാങ്ങിയ ടാർ ബില്ലുകളുടെ ശരിപ്പകർപ്പുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.2.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറോട് ശിപാർശ ചെയ്തുവെങ്കിലും നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം**

2.2.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ച നടപടിയുടെ വിശദവിവരം നൽകുക.

**സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി**

2.2.5 ടാറിന്റെ സ്റ്റോക്ക് രജിസ്റ്ററും കൺവീനർമാർ കൈപ്പറ്റിയ രസീതും ഹാജരാക്കാത്തതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്തിരുന്നു.

എന്നാൽ ടി രേഖകൾ ഇതുവരെയും കണ്ടെത്താനായിട്ടില്ല. പ്രസ്തുത പ്രവൃത്തികൾ കഴിഞ്ഞ് 16 വർഷമായതിനാലും അക്കാലയളവിലെ ഉദ്യോഗസ്ഥരെല്ലാം തന്നെ സേവനത്തിൽ നിന്നും വിരമിച്ചതിനാലും പ്രവൃത്തികളെല്ലാം തന്നെ പൂർത്തിയാക്കിയ തിനാലും പ്രസ്തുത നടപടിയിലൂടെ ബ്ലോക്ക് പഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും 1999-ന് ശേഷം ഓഫീസ് കെട്ടിടം പുതുക്കി പണിതപ്പോൾ ഫയലുകൾ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റിയതുമൂലമാണ് രേഖകൾ ലഭ്യമാകാതെ വന്നത് എന്നതിനാലും അക്കാലത്തെ ഉദ്യോഗസ്ഥർക്ക് സംഭവിച്ച വീഴ്ചകൾ മാപ്പാക്കി നടപടി ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

**അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.2.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ഗ്രാമവികസന കമ്മീഷണർ നടപടി സ്വീകരിച്ചതിന്റെ വിവരം ഉൾപ്പെടെയുള്ള ഫയലുകൾ ലഭ്യമായിട്ടില്ലെന്നാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

18-9-2019-ലെ സമിതി യോഗത്തിൽ മേൽ സൂചിപ്പിച്ച അധികവിവരത്തിന്മേൽ ലഭിച്ച നടപടി വിശദീകരണ പത്രിക സമിതി പരിഗണിക്കുകയുണ്ടായി.

<u>തുടർ ശിപാർശ</u>

**2.2.7 സമിതി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 81**

<u>ശിപാർശ</u>

2.3.1 ട്രൈസം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണത്തിനായി സർക്കാർ നിർദ്ദേശങ്ങൾക്കുവിരുദ്ധമായി അധിക നിരക്ക് നൽകിയതുമൂലം ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം (₹57,491) ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടമായ ₹57,491 ഈടാക്കുന്നതിനായി പ്രസ്തുത സമയത്ത് ഓഫീസ് സെക്രട്ടറിയായിരുന്ന ശ്രീ. ആർ. സുന്ദരേശൻ എന്ന വ്യക്തിക്ക് സർച്ചാർജ്ജ് നോട്ടീസ് നൽകിയിട്ടുണ്ട്. സർച്ചാർജ്ജ് നോട്ടീസിന്റെ പകർപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ക്കും ലോക്കൽ ഫണ്ട് ഡയറക്ടർക്കും അയച്ചിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. സർച്ചാർജ്ജ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുള്ള ₹ 1,89,839 രൂപയിൽ പരാമർശത്തിലുള്ള ₹ 57,491 ഉൾപ്പെട്ടിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.3.3 ബ്ലോക്ക് പഞ്ചായത്തിനുണ്ടായ ₹ 57,491 നഷ്ടം ഈടാക്കുന്നതിന് പ്രവൃത്തി കൺവീനറായ ശ്രീ. കെ. ടി. സജിത്തിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്.

**25-2-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം**

2.3.4 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം 15 ദിവസത്തിനകം അറിയിക്കുക.

**സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ  സർക്കാർ സ്വീകരിച്ച നടപടി**

2.3.5 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും ആർ.ആർ. തഹസീൽദാരോട് ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സ്ഥാവര ജംഗമ വസ്തുവകകളിൽ നിന്നും പ്രസ്തുത തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് 16-1-2018-ന് മറുപടി ലഭിച്ചു.

റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കി ഈ ഓഫീസിൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിവരം ബഹു. നിയമസഭാ സമിതിയെ അറിയിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അധികവിവരത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.3.6 റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സി.2016/601/11/400 തീയതി 16-1-2018 പ്രകാരം കോഴിക്കോട് റവന്യൂ റിക്കവറി തഹസിൽദാർ അറിയിച്ചിരുന്നുവെങ്കിലും 6-3-2019 വരെ യാതൊരു തുകയും ഈടാക്കിയിട്ടില്ലെന്ന് സി.2310/15 തീയതി 7-3-2019 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

18-9-2019-ലെ സമിതി യോഗത്തിൽ മേൽ സൂചിപ്പിച്ച അധികവിവരത്തിന്മേൽ ലഭിച്ച നടപടി വിശദീകരണ പത്രിക സമിതി പരിഗണിക്കുകയുണ്ടായി.

തുടർ ശിപാർശ

**2.3.7 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണറിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 87**

ശിപാർശ

2.4.1 തെളിവെടുപ്പ് വേളയിൽ സമിതി നൽകിയ നിർദ്ദേശത്തിന്മേൽ തുടർനടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ദിലീപ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന കാര്യം സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിലുള്ള സമിതിയുടെ ഉത്കണ്ഠ ഗ്രാമവികസന കമ്മീഷണറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം

പദ്ധതി അനിശ്ചിതമായി നീട്ടിക്കൊണ്ട് പോകാതെ അടിയന്തരമായി ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സംയുക്തമായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർമാനായ ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച് ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള തീരുമാനം കൈക്കൊള്ളണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടുമാസത്തിനുള്ളിൽ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 മേലടി ബ്ലോക്ക് പഞ്ചായത്ത് 2000-2001 വർഷത്തിൽ പയ്യോളി ഗ്രാമപഞ്ചായത്ത് പരിധിയിൽ കോട്ടയ്ക്കൽ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചത്. എന്നാൽ പദ്ധതി പൂർണ്ണമാകാത്ത സാഹചര്യത്തിൽ പയ്യോളി ഗ്രാമപഞ്ചായത്ത് ഈ പദ്ധതി ഏറ്റെടുക്കാമെന്ന് അറിയിക്കുകയും, തുടർന്ന് ആസ്തികളെല്ലാംതന്നെ ബ്ലോക്ക് പഞ്ചായത്ത് പയ്യോളി ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

2015 വർഷത്തിൽ പയ്യോളി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി മാറി. 2018-19 വാർഷിക പദ്ധതിയിൽ ₹ 20,00,000 തനത് ഫണ്ടിൽ നിന്നും വകയിരുത്തി പ്രസ്തുത സ്ഥലത്ത്, പയ്യോളി മുനിസിപ്പാലിറ്റി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ട് നമ്പർ 147 ബോട്ട് ജെട്ടി കം ചിൽഡ്രൻസ് പാർക്ക് എന്ന പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.4.3 2018-19 വാർഷിക പദ്ധതിയിൽ ₹ 20,00,000 തനത് ഫണ്ടിൽ നിന്നും വകയിരുത്തി പ്രസ്തുത സ്ഥലത്ത്, പയ്യോളി മുനിസിപ്പാലിറ്റി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ട് നമ്പർ 147 ബോട്ട് ജെട്ടി കം ചിൽഡ്രൻസ് പാർക്ക് എന്ന പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് മേലടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് പയ്യോളി നഗരസഭാ സെക്രട്ടറിക്ക് കെ.എസ്.എ. കെ.കെ.ഡി.എസ്./1/86/19(4) തീയതി 12-3-2019 പ്രകാരം നൽകിയ കത്തിന് മറുപടി സമർപ്പിച്ചിട്ടില്ലെന്ന വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

18-9-2019-ലെ സമിതി യോഗത്തിൽ മേൽ സൂചിപ്പിച്ച അധികവിവരത്തിന്മേൽ ലഭിച്ച നടപടി വിശദീകരണ പത്രിക സമിതി പരിഗണിക്കുകയുണ്ടായി.

തുടർ ശിപാർശ

**2.4.4 പയ്യോളി മുനിസിപ്പാലിറ്റിയിൽ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

അദ്ധ്യായം III

## സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും

**ഖണ്ഡിക നമ്പർ 7**

ശിപാർശ

3.1.1 ശിവഗിരി പൈലങ്ങോട്ട് ചുരം-പാലോംകുന്ന് ശുദ്ധജല വിതരണ പദ്ധതികളുടെ നിർവ്വഹണത്തിനായി മുൻകൂറായി തുക പിൻവലിച്ചശേഷം പണി പൂർത്തിയാക്കാതെ സാമ്പത്തിക ക്രമക്കേട് നടത്തി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെയും അതിന് കൂട്ടുനിന്നവർക്കെതിരെയും വകുപ്പുതല അന്വേഷണവും നടപടിയും സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 7-7-2014-ലെ അന്വേഷണ റിപ്പോർട്ട്**

3.1.2 കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്കിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ വകുപ്പുതല നടപടിയും അന്വേഷണവും ബഹു. സമിതി ശിപാർശ ചെയ്തിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ വികസന കമ്മീഷണർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ഈ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പരിശോധനാ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ച് തയ്യാറാക്കിയ വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ശിവഗിരി കുടിവെള്ള പദ്ധതി 2004 നവംബറിൽ പൂർത്തീകരിച്ചുവെന്നും 30-11-2004-ന് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ടെന്നും ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമായിരുന്നുവെന്നും ഇപ്പോൾ കിണറിന്റെ പലഭാഗങ്ങളും ഇടിഞ്ഞുപോയിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച നിലയിലാണെന്നും കിണറിലെ

വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്നും കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

പൈലങ്ങോട്ട് ചുരം-പാലോംകുന്ന് ശുദ്ധജല വിതരണ പദ്ധതി ₹ 2,68,116 ചെലവഴിച്ച് 29-8-2005-ൽ പൂർത്തീകരിക്കുകയും ഈ പദ്ധതി വഴി കുടിവെള്ളം ലഭിയ്ക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.3 ശിവഗിരി കുടിവെള്ള പദ്ധതി 2004 നവംബറിൽ പൂർത്തീകരിച്ചുവെന്നും 30-11-2004-ന് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ടെന്നും ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമായിരുന്നുവെന്നും ഇപ്പോൾ കിണറിന്റെ പലഭാഗങ്ങളും ഇടിഞ്ഞുപോയിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച നിലയിലാണെന്നും കിണറിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്നും കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൈലങ്ങോട്ട് ചുരം-പാലോംകുന്ന് ശുദ്ധജല വിതരണ പദ്ധതി ₹ 2,68,116 ചെലവഴിച്ച് 29-8-2005-ൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഈ പദ്ധതി ഇപ്പോഴും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കുടിവെള്ളം ഇപ്പോൾ ലഭിക്കാറുണ്ടെന്നും പ്രദേശവാസികൾ പറയുകയും ചെയ്തുവെന്നും കൊടിയത്തൂർ കോട്ടക്കൽ ശുദ്ധജല പദ്ധതിയ്ക്ക് അഡ്വാൻസായി നൽകിയ ഒരു ലക്ഷം രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ രണ്ടു പ്രവൃത്തികളും പൂർത്തീകരിക്കുകയും ഇതിൽ ഒരു പദ്ധതി ഇപ്പോഴും ജനങ്ങൾക്ക് ഉപയോഗപ്രദവുമാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭകാലഘട്ടത്തിലെ പ്രവൃത്തി ആയതിനാലാണ് ഇത്തരം വീഴ്ചകൾ സംഭവിക്കാനിടയായതെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.1.4 12-3-2015-ൽ നടത്തിയ സ്ഥലപരിശോധനയിൽ ശിവഗിരി കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. പമ്പ്ഹൗസും സമീപത്തെ കുളവും സംരക്ഷണ ഭിത്തിയും നശിച്ചുകൊണ്ടിരിക്കുന്നു. പമ്പ് ഹൗസ് മോട്ടോറിന്റെ വൈദ്യുതിബന്ധവും വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. 35,000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് ഉപയോഗശൂന്യമായി കിടക്കുന്നു. വിതരണ പൈപ്പ്ലൈനുകളും പലയിടത്തും തകർന്നുപോയിട്ടുണ്ട്. 13-6-2014-ൽ പദ്ധതിസ്ഥലം നേരിൽ സന്ദർശിച്ചതിൽ, പൈലങ്ങോട്ട് ചുരം-പാലോംകുന്ന് ശുദ്ധജല പദ്ധതി തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുവെന്ന് ബോധ്യമായിട്ടുണ്ട്. ക്രമരഹിതമായി അഡ്വാൻസ് നൽകിയതിനും പ്രവൃത്തി

സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനും ബഹുമാനപ്പെട്ട സമിതി നിർദ്ദേശിച്ച പ്രകാരമുള്ള വകുപ്പുതല നടപടി ഉത്തരവാദപ്പെട്ടവർക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടില്ല. അംഗീകൃത പ്രോജക്ടും എസ്റ്റിമേറ്റും ഇല്ലാത്ത കൊടിയത്തൂർ-കോട്ടമ്മൽ ശുദ്ധജല വിതരണ പദ്ധതിയുടെ പേരിൽ ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് നൽകിയ ₹ 1,00,000 രസീത് നമ്പർ 56882/26 തീയതി 29-11-1999 രസീത് നമ്പർ 56882/27 തീയതി 12-7-2000 എന്നിവ പ്രകാരം തിരികെ ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി തുകയ്ക്കുള്ള പലിശ നാളിതുവരെ ഈടാക്കിയില്ല.

**ഖണ്ഡിക നമ്പർ 11**

ശിപാർശ

3.2.1 ഇല്ലാത്ത പ്രോജക്ടിനുവേണ്ടി മുൻകൂർ തുക നൽകി നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനം നടത്തിയ മുൻ സെക്രട്ടറി ശ്രീ. പി.പി. മുഹമ്മദിനെതിരെ ഗ്രാമവികസന കമ്മീഷണർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 7-7-2014-ലെ അന്വേഷണ റിപ്പോർട്ട്**

3.2.2 ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ഖണ്ഡിക 11-ലെ നിർദ്ദേശത്തിൽ കൊടിയത്തൂർ-കോട്ടമ്മൽ എന്ന പദ്ധതിക്കുവേണ്ടി മുൻകൂർ തുക നൽകി, നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനം നടത്തിയ മുൻ സെക്രട്ടറി ശ്രീ. പി. പി. മുഹമ്മദിനെതിരെ ഗ്രാമ വികസന കമ്മീഷണർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. എന്നാൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ശ്രീ. പി. പി മുഹമ്മദ് എന്ന പേരിൽ ഒരു സെക്രട്ടറി ജോലി ചെയ്തിരുന്നില്ല എന്ന വിവരം ഗ്രാമവികസന വകുപ്പ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ 13-6-2014-ന് പ്രാദേശിക പരിശോധന നടത്തി ലഭിച്ച റിപ്പോർട്ടിൽ ടി കാലയളവിൽ ശ്രീ. പി.പി. മുഹമ്മദ് എന്ന വ്യക്തി സെക്രട്ടറിയായി ചുമതല വഹിച്ചിരുന്നില്ല എന്നും എന്നാൽ ഓഡിറ്റ് കാലയളവിലെ വർക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. ടി. പി. മുഹമ്മദ് എന്ന വ്യക്തിയെ കൊടിയത്തൂർ-കോട്ടമ്മൽ ജലസേചന പദ്ധതിയുടെ കൺവീനറായി തെരഞ്ഞെടുത്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി നടപ്പാക്കാത്തതിനാൽ പദ്ധതിക്കായി അനുവദിച്ച ₹ 1,00,000 രസീത് നമ്പർ 56882/26 തീയ്യതി 29-11-1999, രസീത് നമ്പർ 56882/27 തീയതി 12-7-2000 എന്നിവ പ്രകാരം തിരികെ ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയ്ക്കുള്ള പലിശ നാളിതുവരെ ഈടാക്കിയിട്ടില്ല.

19-10-2004-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ടി ഖണ്ഡികകളിന്മേലുള്ള നഷ്ടോത്തരവാദികൾക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ റൂറൽ ഡെവലപ്‌മെന്റ് കമ്മീഷണറെ ചുമതലപ്പെടുത്തുകയും തുടർന്ന് പ്രസ്തുത പദ്ധതികളുടെ ഫയലും അനുബന്ധ രേഖകളും ഗ്രാമ വികസന കമ്മീഷണറേറ്റിൽ ഹാജരാക്കുവാനും പദ്ധതികൾക്കായി തുക മുൻകൂർ നൽകിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരും വിവരങ്ങളും റിപ്പോർട്ട് ചെയ്യുവാനും ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച രേഖകളിൽ പ്രസ്തുത പ്രവൃത്തികളുടെ തുക മുൻകൂറായി നൽകിയത് ശ്രീ. വി. ടി. ജോസഫ്, സെക്രട്ടറി ആണെന്ന് അറിയിച്ചിട്ടുണ്ട്. ശ്രീ. വി. ടി. ജോസഫിനു പകരം ശ്രീ. പി. പി. മുഹമ്മദ് ഉത്തരവാദിയായത് എങ്ങനെയെന്ന് രേഖകളിൽ നിന്നും വ്യക്തമല്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലും ശ്രീ. പി. പി. മുഹമ്മദാണ് ഉത്തരവാദിയെന്ന് പരാമർശിച്ചിട്ടില്ല. എന്നാൽ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-10-2004-ലെ പദാനുപദ കുറിപ്പിന്റെ പകർപ്പിൽ (പേജ് നമ്പർ 10) ശ്രീ. പി. പി. മുഹമ്മദ് എന്ന പരാമർശം ഉണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ഖണ്ഡികയിലെ പരാമർശങ്ങൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. പി. പി. മുഹമ്മദ് എന്ന വ്യക്തിയല്ല മറിച്ച് ശ്രീ. വി.ടി. ജോസഫ്, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ടിയാന്റെ ഇപ്പോഴത്തെ മേൽവിലാസം, വി. ടി. ജോസഫ്, ഐ.ആർ.എ/എ-22/2, നെട്ടയം പി.ഒ., തിരുവനന്തപുരം-695013, ഫോൺ -9961103359) ആണ് എന്നും അറിയിക്കുന്നു.

കൊടിയത്തൂർ-കോട്ടമ്മൽ ശുദ്ധജല പദ്ധതിയ്ക്ക് അഡ്വാൻസായി നൽകിയ ഒരു ലക്ഷം രൂപ തിരികെ അടച്ചിട്ടുണ്ട് എന്ന് കോഴിക്കോട് അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിൽ പറയുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.2.3 ശിവഗിരി, പൈലങ്ങോട് ചുരം-പാലോംകുന്ന് ശുദ്ധജല വിതരണ പദ്ധതികളുടെ നിർവ്വഹണത്തിനായി മുൻകൂർ തുക പിൻവലിച്ച ശേഷം പണി പൂർത്തിയാക്കാതെ സാമ്പത്തിക ക്രമക്കേട് നടത്തിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. പി. മുഹമ്മദിനെതിരെ ഗ്രാമവികസന കമ്മീഷണർ നടപടിയെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ശ്രീ. പി. പി. മുഹമ്മദ് എന്ന പേരിൽ ഒരു സെക്രട്ടറി ജോലി ചെയ്തിരുന്നില്ലായെന്ന വിവരം ഗ്രാമ വികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭകാലഘട്ടത്തിലെ പ്രവൃത്തി ആയതിനാലാണ് ഇത്തരം വീഴ്ചകൾ സംഭവിക്കാനിടയായതെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

3.2.4 മുൻകൂർ തുക നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ ലംഘനം നടത്തിയ മുൻ സെക്രട്ടറി ശ്രീ. പി. പി. മുഹമ്മദിനെതിരെ വകുപ്പുതല നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ ശ്രീ. വി.ടി. ജോസഫ് എന്ന ഉദ്യോഗസ്ഥനാണ് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്നത്. ആയത് ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7-7-2014-ലെ നമ്പർ എൽ.എഫ്.18732/സ്പെ.സെൽ.ജി.3/14 പ്രകാരമുള്ള റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. വി. ടി. ജോസഫിന്റെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിലെ സേവനകാലം 24-4-1997 മുതൽ 8-7-1998 വരെയും 9-8-1998 മുതൽ 27-11-1998 വരെയുമാണ്. ഈ കാലയളവിലാണ് മേൽ പറഞ്ഞ പദ്ധതിയുടെ ചെലവുകളും നടന്നിട്ടുള്ളത്. ശ്രീ. വി.ടി. ജോസഫിന്റെ സ്ഥിരം മേൽവിലാസം ചുവടെ ചേർക്കുന്നു. ശ്രീ. വി.ടി. ജോസഫ്, ഐ.ആർ.എ/എ-22/2, നെട്ടയം പി. ഒ., തിരുവനന്തപുരം-695013. ശ്രീ. വി. ടി. ജോസഫിനെതിരെ നാളിതുവരെ വകുപ്പുതലനടപടികൾ സ്വീകരിച്ചിട്ടില്ല.

### 14-12-2016-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.2.5 നിയമസഭാ സമിതിയുടെ 19-10-2004-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായി നഷ്ടോത്തരവാദിയായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേര് ശ്രീ. പി. പി. മുഹമ്മദ് എന്ന് തെറ്റായി ബോധിപ്പിച്ച് നിയമസഭാ സമിതി മുമ്പാകെ നിരുത്തരവാദപരമായ മറുപടി നൽകിയ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും പ്രസ്തുത കാലയളവിൽ ശ്രീ. വി. ടി. ജോസഫ് എന്ന ഉദ്യോഗസ്ഥനാണോ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നതെന്ന് ഉറപ്പു വരുത്തി ടിയാനെതിരെ നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

### അധികവിവരത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി

3.2.6 നിയമസഭാ സമിതിയുടെ 19-10-2004-ലെ തെളിവെടുപ്പ് യോഗത്തിൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി റിപ്പോർട്ട് നൽകിയ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. എം. മോഹനൻ എന്നയാളായിരുന്നു. ടിയാൻ 5-8-2004 മുതൽ 31-8-2005 വരെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി സേവന മനുഷ്ഠിക്കുകയും 31-8-2005-ന് സർവീസിൽ നിന്ന് വിരമിക്കുകയും ചെയ്തു.

ഓഡിറ്റ് പരാമർശ കാലഘട്ടത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ആയിരുന്നത് ശ്രീ. വി. ടി. ജോസഫ് ആയിരുന്നു. 14373/എസ്റ്റാ. എ 4/സി ആർ ഡി നമ്പർ കത്ത് പ്രകാരം ശ്രീ. വി.ടി. ജോഫസിനെതിരായ

അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 10-2-2010-ലെ എൽ.എസ്.ജി.ഡി. (ഇ.ആർ.സി.) വകുപ്പിന്റെ ഉത്തരവ് 469/2010/തസ്വഭവ. പ്രകാരം ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവായിരുന്നു.

**അധികവിവരത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.2.7 തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-2-2010-ലെ 469/2010/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ശ്രീ. വി. ടി. ജോഫസിനെതിരായുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സമിതിയെ തെറ്റിദ്ധരിപ്പിച്ച ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല. ടിയാൻ (ശ്രീ. എം. മോഹനൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി) 31-8-2005-ൽ സർവ്വീസിൽ നിന്നും വിരമിച്ചു.

**ഖണ്ഡിക നമ്പർ 13**

<u>ശിപാർശ</u>

3.3.1 പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 നടപടികൾ അവസാനിപ്പിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.3.3 സംസ്ഥാന ഓഡിറ്റ് വകുപ്പ് കോഴിക്കോട് ജില്ല ജോയിന്റ് ഡയറക്ടറുടെ എൽ.എഫ്.കെ.കെ.ഡി.എഫ്1/148/2007(6) തീയതി 13-12-2016 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 22**

<u>ശിപാർശ</u>

3.4.1 ഗുണഭോക്തൃ വിഹിതം സമാഹരിച്ചത് സംബന്ധിച്ച വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കാതിരുന്നത് സമിതി ഗൗരവമായി കാണുന്നു. സമിതിയുടെ പരിഗണനയ്ക്ക് വന്നതിനുശേഷവും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ തയ്യാറാകാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്കെതിരെ ഗ്രാമവികസന കമ്മീഷണർ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 1997-98 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകളുടെ ഭാഗമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. ടി പദ്ധതി നടപ്പിലാക്കിയതുമൂലം ബന്ധപ്പെട്ട സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പൂർണ്ണമായി സമാഹരിച്ചിട്ടുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരുവിധ നഷ്ടങ്ങളും ഉണ്ടായിട്ടില്ല. ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ആ കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. ആർ. സുന്ദരേശൻ കിഡ്നി സംബന്ധമായ അസുഖം നിമിത്തം 19-10-2004-ലെ യോഗത്തിൽ ഹാജരായിരുന്നില്ല. 30-3-2016-ൽ രോഗം ഗുരുതരമായതിനെത്തുടർന്ന് ടിയാൻ മരണപ്പെട്ടു. പദ്ധതി നടത്തിപ്പിലെ മനഃപൂർവമല്ലാത്ത വീഴ്ചകൾ ഉണ്ടായത് മാപ്പാക്കി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.4.3 ഗുണഭോക്തൃ വിഹിതം സമാഹരിച്ചതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ, പ്രസ്തുത കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ആർ. സുന്ദരേശൻ 31-3-2016-ൽ മരണപ്പെട്ടു.

**ഖണ്ഡിക നമ്പർ 30**

<u>ശിപാർശ</u>

3.5.1 പ്രോജക്ട് നിർവ്വഹണത്തിനായി നിയോഗിച്ച ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർക്ക് പകരം ജോയിന്റ് കൺവീനറായി നിയമിച്ച വ്യക്തിയെ സാമ്പത്തിക ഇടപാടുകളുടെ മേൽനോട്ടത്തിനായി നിയോഗിച്ചത് നിയമാനുസൃതം അല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2004 ആഗസ്റ്റിലെ തെളിവെടുപ്പ് വേളയിൽ പഠനയാത്രയുടെ വിശദമായ റിപ്പോർട്ടും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ലെന്നത് സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറി, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്കെതിരെ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പഠനയാത്രയുടെ വിശദാംശങ്ങളും ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

3.5.2 വ്യവസായ വികസന ഓഫീസർ 2004-ൽ ബ്ലോക്ക് സെക്രട്ടറിക്ക് സമർപ്പിച്ച റിപ്പോർട്ട് കണ്ടാലും. വ്യവസായ പഠനയാത്ര നടത്തിയ സ്ഥലങ്ങളിലുള്ള എല്ലാ വ്യവസായ യൂണിറ്റുകളെപ്പറ്റിയും അറിവും മുൻപരിചയവുമുള്ള ആളായത് കൊണ്ടും പഠനയാത്ര നയിക്കുവാൻ വ്യവസായ വികസന ഓഫീസർക്ക് സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാലുമാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ജോയിന്റ് കൺവീനറായ ശ്രീ. അബ്ദുൾ അസീസിനെ യാത്രയ്ക്കാവശ്യമുള്ള പണത്തിന്റെ ചെക്ക് ഏൽപ്പിച്ചത്. ഓരോ യാത്രയിലും ചെലവഴിച്ച തുകയുടെ വൗച്ചറുകളും ബില്ലുകളും കൺവീനറായ വ്യവസായ വികസന ഓഫീസറെ ഏൽപ്പിക്കുകയും ആയത് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിരന്തരമായ ബോധവത്കരണത്തിലൂടെയും പഠനയാത്രകളിലൂടെയും ജനങ്ങളിൽ വ്യവസായാവബോധം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് SSI(Small Scale Industries) സർട്ടിഫിക്കറ്റ് അപേക്ഷകൾ, PMRY അപേക്ഷകൾ എന്നിവയിൽ വർദ്ധനവുണ്ടായതായി റിപ്പോർട്ടിൽ പറയുന്നു. വ്യവസായ വികസന ഓഫീസറായിരുന്ന ശ്രീമതി ജമീലാ ബീവി നിലവിൽ ജീവിച്ചിരിപ്പില്ല.

സദുദ്ദേശപരമായ പദ്ധതി ആയതിനാലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മനഃപൂർവ്വമായുള്ള വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാലും പരാമർശം ഒഴിവാക്കിത്തരണമെന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ അപേക്ഷിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.5.3 പഠനയാത്രയുടെ വിശദമായ റിപ്പോർട്ടും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. വ്യവസായ വികസന ഓഫീസറായിരുന്ന ശ്രീമതി ജമീലാ ബീവി 18-3-2014-ൽ മരണപ്പെട്ടു. സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ലെന്ന് ഇ.1510/12 തീയതി 14-2-2019 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 33**

<u>ശിപാർശ</u>

3.6.1 പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരഞ്ഞെടുത്ത വ്യക്തിക്ക് പകരം ജോയിന്റ് കൺവീനറാണ് ചട്ടങ്ങൾക്കുവിരുദ്ധമായി പണം ചെലവഴിച്ചിരിക്കുന്നത്. ഇത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 പ്രോജക്ടിന്റെ പേരിൽ അനധികൃത ചെലവുകൾ നടത്തി എന്ന ഓഡിറ്റ് പരാമർശത്തിൽ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി തെരഞ്ഞെടുത്ത വ്യക്തിക്ക് പകരം ജോയിന്റ് കൺവീനറാണ് ചട്ടങ്ങൾക്ക് വിരുദ്ധമായി പണം ചെലവഴിച്ചിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥയായ വ്യവസായ വികസന ഓഫീസർ ശ്രീമതി ജമീലാ ബീവി ഓഡിറ്റ് പരാമർശത്തിന്മേൽ നൽകിയ മറുപടിയിൽ വ്യവസായ വകുപ്പിന്റെ ബ്ലോക്ക്/ഗ്രാമ തലങ്ങളിൽ നടത്തേണ്ട പദ്ധതികളുടെ നടത്തിപ്പിന് പുറമേ ബ്ലോക്കിലെ വ്യവസായ പ്രോജക്ടുകളുടെ മുഴുവൻ നിർവ്വഹണവും സമയബന്ധിതമായി നടത്താൻ വ്യവസായ വികസന ഓഫീസർക്ക് പ്രയാസം നേരിട്ടതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ 12-3-1998-ലെ 27/98-99 നമ്പർ തീരുമാനപ്രകാരമാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി വ്യവസായ കർമ്മസമിതിയുടെ ജോയിന്റ് കൺവീനറായ ശ്രീ. സി. പി. അബ്ദുൾ അസീസിനെ ഈ പ്രോജക്ടിന്റെ നടത്തിപ്പിന് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിൽ നിയമിച്ചിട്ടുള്ളത് എന്ന് വിശദീകരിച്ചിട്ടുണ്ട്. സ്ത്രീ ആയ വ്യവസായ വികസന ഓഫീസർക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും പഠനയാത്രക്ക് പകരക്കാരനെ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ട് ലഭ്യമല്ലാത്തതിനാൽ ജോയിന്റ് കൺവീനറുടെ നേതൃത്വത്തിലാണ് പഠനയാത്ര നടത്തിയത്. പ്രോജക്ടിന് വേണ്ടി തുക വിനിയോഗിച്ചത് വ്യവസായ വികസന ഓഫീസർ യഥാസമയം പരിശോധിക്കുകയും ബന്ധപ്പെട്ട കണക്കുകളും രേഖകളും സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ വ്യവസായ വികസന ഓഫീസറുടെ മേൽനോട്ടത്തിലാണ് പ്രോജക്ടുമായി ബന്ധപ്പെട്ട് ജോയിന്റ് കൺവീനർ പണം ചെലവഴിച്ചിട്ടുള്ളത് എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.6.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ 14-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 33-ൽ പരാമർശിച്ചത് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക IV.58(എ)- യിലുൾപ്പെട്ട നടുക്കന്ന് ശുദ്ധജല വിതരണം എന്ന പ്രവൃത്തി സംബന്ധിച്ച പരാമർശത്തിലെ തുടർച്ചയായ വിവരങ്ങളാണ്. സമിതി ശിപാർശ ഖണ്ഡിക 34-ന്റെ അടിസ്ഥാനത്തിൽ പരിശോധനാ റിപ്പോർട്ട് തുടർന്ന് ഉൾപ്പെടുത്തിയത് കണ്ടാലും.

**ഖണ്ഡിക നമ്പർ 36**

**ശിപാർശ**

3.7.1 മേൽ പരാമർശം സംബന്ധിച്ച രേഖകളും ഫയലുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.7.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2007-ലെ എൽ.എഫ്/കെ.കെ.ഡി/എഫ്-1-148/07(1) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 40**

**ശിപാർശ**

3.8.1 മേൽ പരാമർശത്തിലെ ചെലവിനോടനുബന്ധിച്ച കൃത്യത ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ മേൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.8.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2007-ലെ എൽ.എഫ്/കെ.കെ.ഡി/എഫ്-1/148-07(1) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 42**

**ശിപാർശ**

3.9.1 മാവിൻചുവട് കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും ജലസ്രോതസ്സ് വരണ്ടുപോയതിനാൽ പ്രോജക്ട് പൂർത്തീകരണം സാധ്യമാകാത്ത ഒരു സ്ഥിതി ഉണ്ടായെന്നും തുടർന്ന് മുൻകൂറായി കൺവീനർക്ക് നൽകിയ തുക പലിശസഹിതം തിരികെ വാങ്ങിയെന്നുമുള്ള ബന്ധപ്പെട്ട സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.9.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2007-ലെ എൽ.എഫ്/കെ.കെ.ഡി/എഫ്-1/148/07(3) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 62**

<u>ശിപാർശ</u>

3.10.1 മേൽ പരാമർശം സംബന്ധിച്ച് ഗവൺമെന്റിൽ നിന്ന് സാധൂകരണം ലഭ്യമായതിനാൽ ടി പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.10.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2007-ലെ എൽ.എഫ്/കെ.കെ.ഡി/എഫ്-1/148/02(3) പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 70**

<u>ശിപാർശ</u>

3.11.1 ഇങ്ങോംചാലിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട്, എഗ്രിമെന്റ്, മെഷർമെന്റ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും ചെലവുകളുടെ കൃത്യതയും പദ്ധതി നല്ല രീതിയിൽ നടത്തുന്നുണ്ടെന്നും ബോദ്ധ്യപ്പെടുക യുണ്ടായി. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.11.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2007-ലെ എൽ.എഫ്/കെ.കെ.ഡി/എഫ്-1/148/07(4) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 73**

<u>ശിപാർശ</u>

3.12.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിലവിലുള്ള സാഹചര്യം വ്യക്തമാക്കി ലോക്കൽ ഫണ്ട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് നൽകി പരാമർശം ഒഴിവാക്കുന്നതിന് നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.12.2 കോഴിക്കോട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 27-3-2008-ലെ എൽ.എഫ്/കെ.കെ.ഡി/എഫ്-1/239/08 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 78**

ശിപാർശ

3.13.1 ഡിസ്ട്രിബ്യൂട്ടറി കനാൽ ഉപയോഗയോഗ്യമാക്കൽ പ്രവൃത്തി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശം പാലിക്കാത്ത സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.13.2 2000-01 വർഷത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഇ.എ.എസ്./പ്ലാൻ പദ്ധതി പ്രകാരം നടപ്പിലാക്കിയ തിരുവള്ളൂർ ഡിസ്ട്രിബ്യൂട്ടറി കനാൽ ഉപയോഗയോഗ്യ മാക്കൽ പ്രവൃത്തിക്ക് ₹ 10,65,740 (പത്തുലക്ഷത്തി അറുപത്തയ്യായിരത്തി എഴുനൂറ്റി നാൽപ്പത് രൂപ) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സി.സി.VII& ഫൈനൽ ബിൽ പ്രകാരം ₹ 12,22,793 (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ചെലവ് വന്നതായി ചെക്ക് മെഷർ ചെയ്ത വടകര ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് ഇതുവരെയായി ₹ 11,15,400 (പതിനൊന്ന് ലക്ഷത്തി പതിനയ്യായിരത്തി നാനൂറ് രൂപ) കൺവീനറായ ശ്രീ. സി. പി. മുഹമ്മദിന് നൽകിയിട്ടുണ്ട്. അധികം നൽകിയ തുകയായ ₹ 49,660 (നാല്പത്തിയൊൻപതിനായിരത്തി അറുനൂറ്റിഅറുപത് രൂപ) കുഴിച്ചെടുത്ത മണ്ണിന്റെ വിലയായ ₹ 17,031 (പതിനേഴായിരത്തി മുപ്പത്തിയൊന്ന് രൂപ മാത്രം) മണ്ണ് ഫിൽ ചെയ്തതിന് നിരക്ക് തെറ്റായി നൽകിയ വകയിൽ അധികം വന്ന തുകയായ ₹ 49,328 (നാല്പത്തിയൊൻപതിനായിരത്തി മൂന്നൂറ്റി ഇരുപത്തിയെട്ട് രൂപ) ആകെ ₹ 1,16,019 (ഒരു ലക്ഷത്തി പതിനാറായിരത്തി പത്തൊൻപത് രൂപ) തിരിച്ചടയ്ക്കുവാൻ കൺവീനർ തയ്യാറാകാത്തതിനാൽ ജപ്തി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1-4-2004-നാണ് ജപ്തി നടപടികൾക്കായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തത്. എന്നാൽ ഈ പ്രവൃത്തിയുടെ അന്തിമബിൽ തുകയായ ₹ 12,22,793 (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ) പൂർണ്ണമായും ലഭിക്കുന്നതിന് കൺവീനർ ശ്രീ. സി. പി. മുഹമ്മദ് ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ മുമ്പാകെ പരാതി നൽകുകയും ഒറിജിനൽ പെറ്റീഷൻ 814/2016 പ്രകാരം 21-8-2017-ന് പരാതിക്കാരനായ കൺവീനർക്ക് പ്രവൃത്തി ചെയ്ത് മുഴുവൻ തുകയും നൽകുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഈ ഉത്തരവ് അനുസരിച്ച് ₹ 1,07,393 (ഒരു ലക്ഷത്തി ഏഴായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) കൂടി കൺവീനർക്ക് നൽകേണ്ടതായിട്ടുണ്ട്. കൺവീനറിൽ നിന്നും തിരിച്ചടവാക്കുവാൻ ആവശ്യപ്പെട്ട ₹ 1,16,019 (ഒരു ലക്ഷത്തി പതിനാറായിരത്തി പത്തൊൻപത് രൂപ) യിൽ ഓംബുഡ്സ്മാൻ വിധി പ്രകാരം ടിയാന് ലഭിക്കേണ്ടതായ ₹ 1,07,393 (ഒരു ലക്ഷത്തി ഏഴായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) വരവായി കണക്കാക്കിയാൽ തിരിച്ച് പിടിക്കേണ്ട തുക ബാക്കി ₹ 8,626 (എട്ടായിരത്തി അറുന്നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം)-യും കൂടാതെ 2220 എം ക്യൂബ് പാറക്കല്ല് ടി സൈറ്റിൽ നിന്നും പൊട്ടിച്ചെടുത്ത് ലേലം ചെയ്യാതിരുന്നതിലുള്ള നഷ്ടത്തിന്റെ 50% വിഹിതം തുക ₹ 1,14,548-യും ചേർത്ത് ആകെ ₹ 1,23,174 അക്കാലത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സുന്ദരേശനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾക്കായി ഗ്രാമവികസന കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. എന്നാൽ പാറപൊട്ടിച്ചെടുത്ത കല്ല് ലേലം ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിനോട് സെക്രട്ടറി സമ്മതം ചോദിച്ചപ്പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അവരുടെ ഓഫീസിൽ നിന്നും ലേലം ചെയ്ത് വിൽക്കാമെന്ന് കാണിച്ച് 21-5-2002 തീയതിയിൽ കത്ത് അയച്ചുതന്നിട്ടുള്ളതായി ഫയലിൽ കാണുന്നു. അത് പ്രകാരം സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള തുക ₹ 8,626 (എണ്ണായിരത്തി അറുന്നൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) ആണെന്ന് അറിയിക്കുന്നു. എന്നാൽ സെക്രട്ടറി ശ്രീ. സുന്ദരേശൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ.) ആയി പെൻഷൻ പറ്റി സർവ്വീസിൽ നിന്നും വിരമിച്ച ശേഷം വർഷങ്ങൾക്കുമുമ്പ് രോഗബാധിതനായി മരണപ്പെട്ടുപോയെന്നും കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. സി. പി. മുഹമ്മദ് നിലവിൽ ജീവിച്ചിരിപ്പില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പേരാമ്പ്ര ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, പ്രസ്തുത പദ്ധതി പ്രദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തി. ആയഞ്ചേരി പഞ്ചായത്തിലെ കീരിയങ്ങാടി എന്ന സ്ഥലം മുതൽ തിരുവള്ളൂർ പഞ്ചായത്തിലെ ചാനിയംകടവ് പുഴയുടെ ഉത്ഭവ സ്ഥാനം വരെ 11 കിലോമീറ്ററോളം വ്യാപിച്ചു കിടക്കുന്നതും നാല് ഫീൽഡ് ബൂത്തുകളിലായി നിരവധി കനാലുകളും ഉൾപ്പെട്ട ടി പദ്ധതി നിലവിൽ പഞ്ചായത്തിലെ ഏകദേശം പതിനായിരക്കണക്കിന് കൃഷിക്കാർക്കും മറ്റ് നാട്ടുകാർക്കും പ്രയോജനം ചെയ്യുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയായത് വഴി പ്രസ്തുത വില്ലേജിൽ പ്രതീക്ഷിച്ചതിലും കൂടുതൽ

കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കനാൽ വെള്ളം ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ ഉതകുകയും ചെയ്യുന്നതാണ്.

മേൽ സാഹചര്യത്തിലും നിലവിൽ പദ്ധതി ജനോപകാരപ്രദമായി തുടരുന്നതിനാലും പ്രസ്തുത പരാമർശം ഒഴിവാക്കി തരുന്നതിനുള്ള നടപടികൾക്കായി അപേക്ഷിച്ചു കൊള്ളുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

3.13.3 സമിതിയുടെ നിർദ്ദേശം പാലിക്കാതെ സെക്രട്ടറി, ശ്രീ സുന്ദരേശൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ.) ആയി പെൻഷൻ പറ്റി സർവ്വീസിൽ നിന്നും വിരമിച്ച ശേഷം വർഷങ്ങൾക്ക് മുമ്പ് രോഗബാധിതനായി മരണപ്പെട്ടു. കൂടാതെ ടി പദ്ധതി നിലവിൽ പഞ്ചായത്തിലെ ഏകദേശം പതിനായിരക്കണക്കിന് കൃഷിക്കാർക്കും മറ്റ് നാട്ടുകാർക്കും പ്രയോജനം ചെയ്യുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയായത് വഴി പ്രസ്തുത വില്ലേജിൽ പ്രതീക്ഷിച്ചതിലും കൂടുതൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കനാൽ വെള്ളം ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ ഉതകുകയും ചെയ്യുന്നതാണെന്നും സി.2310/15 തീയതി 7-3-2019 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2022 ജൂലൈ 19.

## അനുബന്ധം

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

**അനുബന്ധം**

**പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2.1.7 | തദ്ദേശസ്വയംഭരണ വകുപ്പ് | ഗുണഭോക്തൃ സമിതി അംഗങ്ങളുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.7 | " | സമിതി നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 3 | 2.3.7 | " | റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 4 | 2.4.4 | " | പയ്യോളി മുനിസിപ്പാലിറ്റിയിൽ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന പ്രോജക്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |